# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് ശ്രീ. അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

## എച്ച്.ആർ.എം.പി നമ്പർ 5790/11/12/2023/ TVM

പരാതിക്കാരൻ : ശ്രീ. ഈച്ചുക്കുട്ടികാണി.എം
വാളയറ തോട്ടരികത്ത് പുത്തൻവീട്,
കല്ലാർ.പി.ഒ, തിരുവനന്തപുരം.

എതിർകക്ഷി :

## ഉത്തരവ് തീയതി 2024 ഒക്ടോബർ 8

ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമിയിൽ ഫോറസ്റ്റ് അധികാരികൾ ജണ്ടകൾ സ്ഥാപിച്ച് കൃഷിഭൂമി കൈക്കലാക്കുന്നുവെന്നും മറ്റുമാണ് പരാതിസംഗതി.

ടി വിഷയത്തിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 29-12-2023-ലെ റിപ്പോർട്ട് ലഭിച്ചു. ടി റിപ്പോർട്ടിൽ തിരുവനന്തപുരം ഡിവിഷനിൽ പരുത്തിപ്പള്ളി റെയിഞ്ചിൽ വാളയറ സെറ്റിൽമെന്റിൽ തോട്ടരികത്ത് പുത്തൻവീട്ടിൽ ഈച്ചുക്കുട്ടികാണി എന്ന പരാതിക്കാരൻ ടി മേൽവിലാസത്തിലെ സ്ഥിരതാമസക്കാരനും, പരമ്പരാഗതമായി ടിയാന്റെ പൂർവ്വികന്മാർ കൃഷി ചെയ്ത് ഉപജീവനം നടത്തി വന്നിരുന്ന കൈവശഭൂമിയിലാണ് താമസിച്ചു വരുന്നതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും, ടി പരാതിയിൽ പരാമർശിക്കുന്ന കൈവശഭൂമിയിൽ ജണ്ടകെട്ടി നൽകണം എന്ന ആവശ്യം പരിശോധിച്ചതിൽ ടി പരാതിക്കാരൻ ഉൾപ്പെടുന്ന 5 സഹോദരങ്ങൾ അടങ്ങുന്ന കുടുംബം താമസിച്ചു വരുന്ന ടി സെറ്റിൽമെന്റ് പൂർണ്ണമായും വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്നതാണെന്നും, വിതുര സെക്ഷൻ പരിധിയിൽ വരുന്ന സെറ്റിൽമെന്റ് ഭൂമികൾ സർവ്വേ ചെയ്ത് കല്ലിട്ട് തിരിച്ചിട്ടുള്ളതായും, ടി സെറ്റിൽമെന്റ് ഭൂമികളിൽ വനാതിർത്തിയെ വേർതിരിക്കുന്ന ഭാഗത്ത് ജണ്ടകൾ കെട്ടിയിട്ടുള്ളതുമാണെന്നും എന്നാൽ ടി പരാതിക്കാരൻ അവകാശപ്പെടുന്ന ടിയാന്റെ കൈവശാവകാശ രേഖ ഉൾപ്പെടുന്ന വാളയറ സെന്റിൽമെന്റിന് ചുറ്റുമുള്ള വനാതിർത്തി വരുന്ന ഭാഗത്ത് സർവ്വേ കല്ലുകളോ 4 ജണ്ടകൾ ഒഴികെ മറ്റു ജണ്ടകളോ നിർമ്മിച്ചിട്ടില്ല എന്ന് കാണുന്നുവെന്നും, 2019-20 കാലയളവിൽ ടി വാളയറ സെറ്റിൽമെന്റിൽ ജണ്ടകൾ നിർമ്മിക്കുന്നതിന് വേണ്ടി അടങ്കൽ പാസ്സാക്കി ജണ്ട നിർമ്മാണം ആരംഭിച്ചെങ്കിലും പരാതിക്കാരൻ ഉൾപ്പെടെയുള്ളവർ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയതായി സ്ഥലവാസികളോടും അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരോടും ചോദിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ടെന്നും, തുടർന്ന് ടി സ്ഥലത്തെ ജണ്ട നിർമ്മാണ പ്രവർത്തനങ്ങൾ മേൽ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം നിർത്തിവച്ചിട്ടുള്ളതാണെന്നും, ടി വാളയറ സെറ്റിൽമെന്റ് ഉൾപ്പെടുന്ന ടിയാൻമാരുടെ കൈവശ അവകാശ ഭൂമി റീസർവ്വേ ചെയ്ത് വനാതിർത്തി നിർണ്ണയിക്കുന്നതിന് നെടുമങ്ങാട് താലൂക്ക് ഓഫീസിൽ കത്ത് നൽകിയിട്ടുള്ളതുമാണെന്നും, ടി വാളയറ സെറ്റിൽമെന്റിൽ താമസിക്കുന്ന സ്ഥിരം താമസക്കാർക്ക് ത്രിതല പഞ്ചായത്തിൽ നിന്നോ ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നോ വീടോ മറ്റ്

ആനുകൂല്യങ്ങളോ ലഭിക്കുന്നതിന് വനം വകുപ്പ് നാളിതുവരെ തടസ്സം നിന്നിട്ടില്ലെന്നും ടി സെറ്റിൽമെന്റിലേക്ക് വൈദ്യുതിയും വാഹന സഞ്ചാരയോഗ്യമായ തടങ്ങളും നിലവിൽ ഉണ്ടെന്നും, ടി പരാതിക്കാരൻ ഉൾപ്പെടുന്ന ടി സെറ്റിൽമെന്റിലെ താമസക്കാരുടെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന കൈവശാവകാശ ഭൂമി നിയമാനുസൃതം റീസർവ്വേ ചെയ്ത് അതിർത്തി കല്ലുകളും ജണ്ടകളും സ്ഥാപിച്ചാൽ ടി പരാതിയിന്മേൽ പരിഹാരം കാണാവുന്നതാണെന്നും, ആയതിന്മേൽ തഹസീൽദാരുമായി ബന്ധപ്പെട്ട അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിന് പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 5-10-2024-ാം തീയതി പരാതികക്ഷി ഹാജരാകുകയോ റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നെടുമങ്ങാട് തഹസീൽദാർ കക്ഷികൾക്ക് നോട്ടീസ് കൊടുത്തശേഷം കൈവശാവകാശ ഭൂമി റീസർവ്വേ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് നെടുമങ്ങാട് തഹസീൽദാരോട് നിർദ്ദേശിച്ചുകൊണ്ട് പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് നെടുമങ്ങാട് തഹസീൽദാർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്/-
**ജസ്റ്റിസ് അലക്സാണ്ടർ തോമസ്**
**ചെയർപേഴ്സൺ**

//ശരിപകർപ്പ്//

**രജിസ്ട്രാർ**